നം.വൈ.2/40007/08/ഡിപിഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 16.6.2008.

17028

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പൊതുവദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ,

.....

സർ,

വിഷയം:- പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡ് 2007- - സംബന്ധിച്ച്.

സൂചന:-

ഈ വർഷത്തെ പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡിന് സംസ്ഥാനത്തെ സർവ്വീസിലുള്ള അദ്ധ്യാപകപരിൽ നിന്നും സ്വന്തം രചനകൾ ക്ഷണിക്കുന്നു. **1.1.2002 മുതൽ 31.12.2006** വരെയുള്ള കാലയളവിൽ മലയാള ഭാഷയിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ പതിപ്പാണ് അയക്കേണ്ടത്. സർഗ്ഗാത്മക സാഹിത്യം, വൈജ്ഞാനീക സാഹിത്യം, ബാലസാഹിത്യം എന്നീ മൂന്ന് വിഭാഗങ്ങളിലേയ്ക്ക് പ്രത്യേകം അവാർഡുകളാണ് നൽകുന്നത്.

രചയിതാക്കൾ കൃതിയുടെ അച്ചടിച്ച 5 കോപ്പികളും സ്ഥിരം നിയമനം ലഭിച്ചതും ഇപ്പോൾ സർവ്വീസിൽ തുടരുന്ന അദ്ധ്യാപകൻ/അദ്ധ്യാപിക ആണെന്നുള്ള സ്ഥാപനത്തിന്റെ മേധാവിയുടെ സാക്ഷ്യപത്രം സഹിതം **5.8.2008ന് 5 മണിക്ക്** മുൻപായി സി.കെ.വസന്തകുമാരി, പബ്ളിക് റിലേഷൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിലുള്ള പ്രശ്ത സാഹിത്യകാരന്മാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയാണ് അവാർഡിന് അർഹതയുള്ള കൃതികൾ തെരഞ്ഞെടുക്കുന്നത്. 5000 രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്ന അവാർഡ് ഈ വർഷത്തെ അദ്ധ്യാപകദിനാഘോഷ വേദിയിൽ വച്ച് സമ്മാനിക്കുന്നതാണ്.

താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളിലും ഇതു സംബന്ധിച്ച് അറിയിപ്പു നൽകേണ്ടതാണ്. കൂടാതെ സാഹിത്യമേഖലയിൽ പ്രശസ്തരായ അദ്ധ്യാപകർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവാർഡിനുള്ള കൃതികൾ അയക്കുവാൻ വ്യക്തിപരമായോ കത്ത് മുഖേനയോ പ്രേരിപ്പിക്കുന്നത് ഉചിതമായിരിക്കും.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ് നമ്പർ 17028/08 തീ 17.7.08.
അവസാന തീയതി 5.8.08 ന് ഉച്ചയ്ക്ക് രണ്ടുമണിക്കുള്ളിൽ
[illegible]
[illegible]